**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3275** **11-03-2025 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്കായി വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എത്ര സ്പെഷ്യൽ സ്കൂളുകളാണ് നിലവിൽ പ്രവർത്തിക്കുന്നത് ; ജില്ലതിരിച്ച് വിശദാംശം നൽകുമോ; | (എ) | **പാങ്ങപ്പാറയിലുള്ള സി.എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിസ്റ്റ്യൂട്ട് ഫോർ ദ മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി) എന്ന സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂൾ മാത്രമാണ് ബൗദ്ധിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കായി തിരുവനന്തപുരം ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നത്. മറ്റ് ജില്ലകളിൽ നിന്നുള്ള വിവരം ശേഖരിച്ച് വരുന്നു.** |
| (ബി) | സ്പെഷ്യൽ സ്കൂളുകളിൽ സർക്കാർ സഹായം ലഭിക്കുന്നതിന് കുട്ടികളുടെ എണ്ണം സംബന്ധിച്ച നിബന്ധന വ്യക്തമാക്കുമോ; | (ബി) | **സ.ഉ.(കൈ)നം 56/2023 പൊവിവ തീയതി 10.05.2023 പ്രകാരം 18 വയസ്സിന് താഴെയുള്ള 20 കുട്ടികളെങ്കിലും ഉള്ള സ്കൂളുകളെയാണ് സ്പെഷ്യൽ സ്കൂൾ ഗ്രാൻറിനായി പരിഗണിക്കുന്നത്. സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി നിലകൊള്ളുന്നതും തദ്ദേശ സ്വയം ഭരണ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങളാകയാൽ ബഡ്സ് സ്കൂളുകളെ ഈ നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.** |
| (സി) | വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 93 സ്പെഷ്യൽ സ്കൂളുകൾ പൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം തീരുമാനമെടുത്തത്; പ്രസ്തുത തീരുമാനം പിൻവലിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | **ബൗദ്ധിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കായി** പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള **തിരുവനന്തപുരം ജില്ലയിലെ പാങ്ങപ്പാറയിലുള്ള സി.എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിസ്റ്റ്യൂട്ട് ഫോർ ദ മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി) എന്ന സ്ഥാപനം നിലവിൽ മികച്ച രീതിയിൽ പ്രവർത്തിച്ച് വരുന്നുണ്ട്. മറ്റ് ജില്ലകളിൽ നിന്നുള്ള വിവരം ശേഖരിച്ച് വരുന്നു.** |

സെക്ഷൻ ഓഫീസർ